പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1293

15/06/2012-ൽ
മറുപടിക്ക്

മൊയ്തു മൗലവി സ്മാരകത്തിന് ഗ്രാന്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ.കെ.സി ജോസഫ്<br>ബഹു:ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി |
| എ) പ്രമുഖ സ്വാതന്ത്ര്യ സമര സേനാനി മൊയ്തു മൗലവിയുടെ പേരിൽ കോഴിക്കോടുള്ള സ്മാരകത്തിന് സ്ഥിരം ഗ്രാന്റ് അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ആരിൽ നിന്നെല്ലാമാണ് നിവേദനങ്ങൾ ലഭിച്ചതെന്ന് വിശദമാക്കുമോ; | എ) കോഴിക്കോടുള്ള മൊയ്തു മൗലവി സ്മാരകത്തിന് സ്ഥിരം ഗ്രാന്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എ. പ്രദീപ് കുമാർ എം.എൽ.എ, ശ്രീ.എ.സുജനപാൽ എം.എൽ.എ കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ അഡ്വ. തോമസ് മാത്യു എന്നിവരിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത സ്മാരകത്തിന് സ്ഥിരം ഗ്രാന്റ് അനുവദിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ? | ബി) കലാ സാംസ്കാരിക സംഘടനകളുടെ പ്രവർത്തനങ്ങൾക്കാണ് സാംസ്കാരിക വകുപ്പിൽ നിന്നും ധനസഹായം അനുവദിക്കുന്നത്. മൊയ്തു മൗലവി സ്മാരകം സാംസ്കാരിക വകുപ്പിന് കീഴിൽ അല്ലാത്തതിനാലും രാഷ്ട്രീയ പ്രാധാന്യമുള്ള ചരിത്രസ്മാരകമായതിനാലും സാംസ്കാരിക വകുപ്പിൽ നിന്നും മൊയ്തു മൗലവി സ്മാരകത്തിന് സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള സ്ഥിരം ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവാഹമില്ല. എന്നിരുന്നാലും ടി സ്മാരകത്തിൽ നിന്നും കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി ധനസഹായത്തിന് അപേക്ഷ ലഭിക്കുകയാണെങ്കിൽ ഫണ്ടിന്റെ ലഭ്യതയുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ ആയത് ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ